"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

പാർലമെന്ററികാര്യ വകുപ്പ് - മുൻ സ്പീക്കർ ശ്രീ പി.ശ്രീരാമകൃഷ്ണന് പാർക്കിൻസൺസ് അസുഖവുമായി ബന്ധപ്പെട്ട് എറണാകുളം ആസ്റ്റർ മെഡിസിറ്റിയിൽ ചികിൽസ നടത്തുന്നതിനായി മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിന് ചട്ടങ്ങളിൽ ഇളവ് വരുത്തി അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പാർലമെന്ററികാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.26/2021/പാ.കാ.വ   തീയതി,തിരുവനന്തപുരം, 18/10/2021

---

പരാമർശം:-

1. മുൻ നിയമസഭാ സ്പീക്കർ ശ്രീ.പി.ശ്രീരാമകൃഷ്ണൻ 22.09.2021 ന് ബഹു.നിയമസഭാ സ്പീക്കർക്ക് നൽകിയ കത്ത്.
2. നിയമസഭാ സെക്രട്ടറിയേറ്റിലെ 15320/എം.എ.ജി.2/2021/നി.സെ നമ്പർ ഫയൽ.

<u>ഉത്തരവ്</u>

മുൻ സ്പീക്കർ ശ്രീ പി.ശ്രീരാമകൃഷ്ണന് പാർക്കിൻസൺസ് അസുഖവുമായി ബന്ധപ്പെട്ട് എറണാകുളം ആസ്റ്റർ മെഡിസിറ്റിയിൽ ചികിൽസ നടത്തുന്നതിനായി 18 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന പരാമർശം ഒന്നിലെ അപേക്ഷയിൽ അനന്തര നടപടി സ്വീകരിക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ബന്ധപ്പെട്ട ഫയൽ പരാമർശം രണ്ട് പ്രകാരം ഈ വകുപ്പിൽ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1988-ലെ ദ മെഡിക്കൽ അറ്റൻഡൻസ് ടു ദ എക്സ് മെമ്പേഴ്സ് ഓഫ് ദ ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസ്-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് മുൻ നിയമസഭാംഗങ്ങൾക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത്. മേൽ ചട്ടങ്ങൾ പ്രകാരം ഒരു മുൻ എം.എൽ.എ.-ക്കു അംഗീകൃത മെഡിക്കൽ അറ്റന്റൻസിന്റെ സൗജന്യ ചികിത്സക്ക് അർഹതയുള്ളതും അംഗീകൃത മെഡിക്കൽ അറ്റൻഡന്റിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ആ ജില്ലയിലെ ഗവൺമെന്റ് ആശുപത്രിയിലോ ഗവൺമെന്റ് ആശുപത്രി ഇല്ലെങ്കിൽ മാത്രം അതേ ജില്ലയിലെ സർക്കാരിതര ആശുപത്രികളിലോ ചികിത്സ തേടാവുന്നതും തുക റീഇമ്പേഴ്സ് ചെയ്യാവുന്നതുമാണ്. എന്നാൽ മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ മേൽ ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

3. മേൽ സാഹചര്യത്തിൽ, മുൻ സ്പീക്കർ ശ്രീ. പി.ശ്രീരാമകൃഷ്ണന് പാർക്കിൻസൺസ് അസുഖവുമായി ബന്ധപ്പെട്ട് എറണാകുളം ആസ്റ്റർ മെഡിസിറ്റിയിൽ ചികിൽസ നടത്തുന്നതിനായി 1988-ലെ ദ മെഡിക്കൽ അറ്റൻഡൻസ് ടു ദ എക്സ് മെമ്പേഴ്സ് ഓഫ് ദ ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസ്-ല് ഇളവുവരുത്തി 1 8 ലക്ഷം രൂപയുടെ (പതിനെട്ട് ലക്ഷം രൂപ മാത്രം) മെഡിക്കൽ അഡ്വാൻസ് ഒരു പ്രത്യേക അനുമതി വഴി അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

4. പ്രസ്തുത തുക "2071-01-111-98-Medical Attendance Charges to State Legislators drawing Pension (or Ex-Members of the state Legislative Assembly)" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും അഡ്വാൻസായി അനുവദിച്ച് അത് 6 മാസത്തിനകം ശ്രീ. പി.ശ്രീരാമകൃഷ്ണന് അർഹമായ മെഡിക്കൽ റിഇംപേഴ്സ്മെന്റ് തുകയിൽ ക്രമപ്പെടുത്തി ബാക്കി തുക ഉള്ള പക്ഷം തിരിച്ചു പിടിക്കാനുള്ള നടപടികൾ നിയമസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബെൻസി ജെ
അഡിഷണൽ സെക്രട്ടറി

ശ്രീ. പി.ശ്രീരാമകൃഷ്ണൻ, നിരഞ്ജനം, പട്ടാമ്പി റോഡ്, പെരുന്തൽമണ്ണ പി.ഒ. മലപ്പുറം - 679322

സെക്രട്ടറി, കേരള നിയമസഭ (ആമുഖകത്ത് സഹിതം)

ധനകാര്യവകുപ്പ് (06/10/2021 തീയതിയിലെ ലോൺസ്-എൽ3/352/2021-ധന നമ്പർ കുറിപ്പ് പ്രകാരം)

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sreekumar y.k

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-10-2021

ഫയൽ നം. പാ.കാ.വ.-എ2/85/2021-പാ.കാ.വ. ഇനം നം: 342

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - മുൻ നിയമസഭാംഗം ശ്രീ. പി. ശ്രീരാമകൃഷ്ണന് ചികിത്സയ്ക്കായി 18 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിച്ച ഉത്തരവ് സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പാ.കാ.വ-എ 2/85/2021-പാ.കാ.വ |
| 2 | വകുപ്പ് | : | പാർലമെന്ററികാര്യ (എ) വകുപ്പ് |
| 3 | വിഷയം | : | മുൻ നിയമസഭാംഗം ശ്രീ.പി. ശ്രീരാമകൃഷ്ണന് ചികിത്സയ്ക്കായി 18 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിച്ച ഉത്തരവ് സാധൂകരിക്കുന്നത് - സംബ |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി, | : | 14.10.2021 |
| 5 | (I)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ, (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | i)അതെ<br>ii)ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്, | : | ശ്രീ. ബെൻസി ജെ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്, | : | ഡോ. രാജു നാരായണ സ്വാമി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി, | : | 21.10.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്, | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി, | : | 23.10.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്, | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി, | : | 25.10.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി, | : | 26.10.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി, | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും, | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മുൻ നിയമസഭാംഗം ശ്രീ. പി. ശ്രീരാമകൃഷ്ണന് The Medical Attendance to the Ex-Members of the Legislative Assembly Rules, 1988-ൽ ഇളവു വരുത്തി 18 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിച്ച സർക്കാർ ഉത്തരവ് സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

എറണാകുളം ആസ്റ്റർ മെഡിസിറ്റിയിൽ പാർക്കിൻസൺസ് രോഗവുമായി ബന്ധപ്പെട്ട് അടിയന്തരമായി ന്യൂറോ സർജറി (ബൈലാറ്ററൽ ഡീപ്പ് ബ്രെയിൻ സ്റ്റിമുലേഷൻ) നടത്തുന്നതിന് 18 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന മുൻ നിയമസഭാംഗം ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അപേക്ഷ ആശുപത്രിയിൽ നിന്നും ലഭ്യമാക്കിയ സർട്ടിഫിക്കറ്റും അഡ്വൈസ് സർട്ടിഫിക്കറ്റും സഹിതം അനന്തര നടപടികൾക്കായി നിയമസഭാ സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

The Medical Attendance to the Ex-Members of the Legislative Assembly Rules, 1988-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് മുൻ നിയമസഭാംഗങ്ങൾക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം മുൻ നിയമസഭാ സാമാജികർക്ക് മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ വ്യവസ്ഥയില്ല.

മേൽ സാഹചര്യത്തിൽ മുൻ നിയമസഭാംഗം ശ്രീ. പി. ശ്രീരാമകൃഷ്ണന് ചികിത്സയ്ക്കായി 18 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ആ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി:

(7) പലിശരഹിത ചികിത്സാ വായ്പ ആറു മാസത്തിനകം ക്രമീകരിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി മാത്രം, മുൻ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനു എറണാകുളം ആസ്റ്റർ മെഡിസിറ്റിയിൽ പാർക്കിൻസൺസ് രോഗവുമായി ബന്ധപ്പെട്ട് അടിയന്തിരമായി ന്യൂറോ സർജറി നടത്തുന്നതിന് The Medical Attendance to the Ex-Members of the Legislative Assembly Rules, 1988-ൽ ഇളവു വരുത്തി "2071-01-111-98-MEDICAL ATTENDANCE CHARGES TO STATE LEGISLATORS DRAWING PENSION (OR EX-MEMBERS OF THE STATE LEGISLATIVE ASSEMBLY)" എന്ന ശീർഷകത്തിൽ നിന്നും 18,00,000/- രൂപ (പതിനെട്ടു ലക്ഷം രൂപ മാത്രം) പലിശ രഹിത വായ്പ ഇനത്തിൽ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

(8) ഇതിനു ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്.

ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ ചംക്രമണം ചെയ്തപ്പോൾ, ധനകാര്യവകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് പലിശരഹിത വായ്പയായി 18 ലക്ഷം രൂപ അനുവദിക്കുകയും അടുത്ത മന്ത്രിസഭാ യോഗത്തിന്റെ സാധൂകരണത്തിന് സമർപ്പിക്കുകയും ചെയ്യാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

ഈ സാഹചര്യത്തിൽ, മുൻ നിയമസഭാംഗം ശ്രീ.പി.ശ്രീരാമകൃഷ്ണന് പാർക്കിൻസൺസ്

രോഗവുമായി ബന്ധപ്പെട്ട് എറണാകുളം ആസ്റ്റർ മെഡിസിറ്റിയിൽ ചികിത്സ നടത്തുന്നതിനായി The Medical Attendance to the Ex-Members of the Legislative Assembly Rules, 1988-ൽ ഇളവു വരുത്തി 18 ലക്ഷം രൂപയുടെ മെഡിക്കൽ അഡ്വാൻസ് ഒരു പ്രത്യേക അനുമതി വഴി **"2071-01-111-98- MEDICAL ATTENDANCE CHARGES TO STATE LEGISLATORS DRAWING PENSION (OR EX-MEMBERS OF THE STATE LEGISLATIVE ASSEMBLY)"** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും മുൻകൂറായി അനുവദിച്ചും അത് 6 മാസത്തിനകം ശ്രീ.പി.ശ്രീരാമകൃഷ്ണന് അർഹമായ മെഡിക്കൽ റിഇംപേഴ്സ്മെന്റ് തുകയിൽ ക്രമപ്പെടുത്തി ബാക്കി തുക ഉള്ള പക്ഷം തിരിച്ചുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിയമസഭാ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയും 18.10.2021-ലെ സ.ഉ(സാധാ) നം. 26/2021/പാ.കാ.വ ഉത്തരവ് പ്രകാരം (അനുബന്ധം) ഉത്തരവായി.

ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ സാധൂകരണത്തിന് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

മുൻ നിയമസഭാംഗം ശ്രീ. പി. ശ്രീരാമകൃഷ്ണന് പാർക്കിൻസൺസ് രോഗവുമായി ബന്ധപ്പെട്ട് എറണാകുളം ആസ്റ്റർ മെഡിസിറ്റിയിൽ ചികിത്സ നടത്തുന്നതിനായി 18 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ അനുമതി നൽകിയ 18.10.2021-ലെ സ.ഉ(സാധാ) നം. 26/2021/പാ.കാ.വ ഉത്തരവ് സാധൂകരിക്കാമോ?

GOVERNMENT OF KERALA

**(SHRI. PINARAYI VIJAYAN MINISTRY)**

NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File number | : | PAD-A2/85/2021-PAD |
| 2 | Department | : | Parliamentary Affairs (A) Department |
| 3 | Subject | : | Ratification of the Government Order sanctioning Medical Advance of Rs. 18 Lakhs to Sri.P.Sreeramakrishnan, Ex-MLA - Reg |
| 4 | Date of Chief Minister's order for placing before the Council; | : | 14.10.2021 |
| 5 | I) Does the case involve financial commitments/implications; | : | i)Yes |
| | ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note; | : | ii)Yes |
| 6 | Are any other Departments concerned with the case and if so have they been consulted and their remarks incorporated in the Note for the Council; | : | No |
| 7 | Name of Additional Secretary who submitted the draft note; | : | Sri. Bency J |
| 8 | Name of the Principal Secretary who approved the draft note; | : | Dr. Raju Narayana Swamy |
| 9 | Date of approval of the draft note for the Council by the Principal Secretary; | : | 21.10.2021 |
| 10 | Name of the Chief Secretary who approved the draft note; | : | Dr. V.P. Joy |
| 11 | Date of approval of the draft note for the council by the Chief Secretary; | : | 23.10.2021 |
| 12 | Name of the Minister who approved the draft note; | : | Sri. K. Radhakrishnan |
| 13 | Date of approval of the draft note for the council by the Minister; | : | 25.10.2021 |
| 14 | Date of submission of fair copies; | : | 26.10.2021 |
| 15 | Date of decision by the council of Ministers; | : | |
| 16 | Number and date of Government Order/Letter communicating the decision; | : | |

## Note for the Council of Ministers

This Note deals with the ratification of the Government Order sanctioning Medical Advance of Rs. 18 Lakhs to Sri. P. Sreeramakrishnan, Ex-MLA in relaxation of The Medical Attendance to the Ex-Members of the Legislative Assembly Rules, 1988.

The Secretary, Kerala Legislature forwarded a request from Sri. P. Sreeramakrishnan, Ex. MLA for sanctioning medical advance of Rs. 18 lakhs for conducting urgent neurosurgery (Bilateral Deep Brain Stimulation) in connection with Parkinson disease at AsterMedcity, Ernakulam along with Certificate from the Hospital and Advice Certificate.

The Ex- Members of the Legislative Assembly are entitled to medical assistance as per the conditions laid down in The Medical Attendance to the Ex-Members of the Legislative Assembly Rules, 1988. There is no provision to sanction Medical Advance to Ex-MLAs as per the said rules.

In the above circumstances, the opinion of Finance Department was sought on sanctioning Medical Advance of Rs. 18 Lakhs to Sri. P. Sreeramakrishnan, Ex. MLA for his treatment, and that Department remarked as follows:

> (7) പലിശരഹിത ചികിത്സാ വായ്പ ആറു മാസത്തിനകം ക്രമീകരിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്കു വിധേയമായി മാത്രം, മുൻ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനു എറണാകുളം ആസ്റ്റർ മെഡിസിറ്റിയിൽ പാർക്കിൻസൺസ് രോഗവുമായി ബന്ധപ്പെട്ട് അടിയന്തിരമായി ന്യൂറോ സർജറി നടത്തുന്നതിന് The Medical Attendance to the Ex-Members of the Legislative Assembly Rules, 1988-ൽ ഇളവു വരുത്തി "2071-01-111-98-MEDICAL ATTENDANCE CHARGES TO STATE LEGISLATORS DRAWING PENSION (OR EX-MEMBERS OF THE STATE LEGISLATIVE ASSEMBLY)" എന്ന ശീർഷകത്തിൽ നിന്നും 18,00,000/- രൂപ (പതിനെട്ടു ലക്ഷം രൂപ മാത്രം) പലിശ രഹിത വായ്പ ഇനത്തിൽ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നു.
>
> (8) ഇതിനു ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്.

When the file was circulated with the remarks of Finance Department, Hon'ble Chief Minister has ordered to sanction Rs. 18 Lakhs as interest free advance as per the opinion of Finance Department and to submit for ratification before the Council of Ministers.

. In these circumstances, as per GO(Rt) No. 26/2021/PAD Dated 18.10.2021 (Annexure) permission was granted for sanctioning a Medical Advance of Rs. 18 Lakhs to Sri. P. Sreeramakrishnan, Ex-MLA, from the head of Account 2071-01-111-98-MEDICAL ATTENDANCE CHARGES TO STATE LEGISLATORS DRAWING PENSION (OR EX-MEMBERS OF THE STATE LEGISLATIVE ASSEMBLY) in connection with the treatment of Parkinson disease at AsterMedcity, Ernakulam in relaxation of the rules in The Medical Attendance to the Ex-Members of the Legislative Assembly Rules, 1988, and directing the Secretary, Legislature to regularise the amount against the eligible medical re-imbursement claims within 6 months and to recover the balance amount if any.

Hon'ble Chief Minister has ordered to place the matter for ratification before the Council of Ministers.

## Point for Decision

Whether the Government Order, GO(Rt) No. 26/2021/PAD Dated 18.10.2021 granting permission to sanction a medical advance of Rs. 18 lakhs in connection with the treatment of Parkinson disease at AsterMedcity Hospital, Ernakulam to Sri. P. Sreeramakrishnan, Ex. MLA may be ratified ?